**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 338** **06-03-2023 - ൽ മറുപടിയ്ക്ക്**

**നികുതി കുടിശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ നികുതി ഇനത്തിൽ 21797.86 കോടി രൂപ പിരിച്ചെടുക്കാനുള്ളതായി സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; | (എ) | വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്<br><br>സി&എ.ജി റിപ്പോർട്ട് 31.03.2019 പ്രകാരമുള്ള സംസ്ഥാന എസ്.ജി.എസ്.ടി വകുപ്പിന്റെ തനത് നികുതി വരുമാന കുടിശ്ശിക 13305.88 കോടി രൂപയാണ്. അതിൽ 4776.57 കോടി രൂപ ബഹുമാനപ്പെട്ട ഹൈക്കോടതി തുടങ്ങി വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. 6821.31 കോടി രൂപ റവന്യൂ റിക്കവറി അധികാരികളുടെ നടപടി ക്രമങ്ങളിൽ ഉൾപ്പെട്ടതാണ്. ഈ തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പ്<br><br>1952 മുതൽ 2011 വരെയുള്ള അബ്കാരി കുടിശ്ശികയിനത്തിൽ 31.12.2022 വരെ മുതലിനത്തിൽ 57,91,02,497/- രൂപയും പലിശയിനത്തിൽ 231,12,25,853/- രൂപയുമായി ആകെ 289,03,28,350/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു.<br><br>രജിസ്ട്രേഷൻ വകുപ്പ്<br><br>ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയം തന്നെ ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയാണ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ ആധാര രജിസ്ട്രേഷൻ മൂലം നികുതി കുടിശ്ശിക ഉണ്ടാകാറില്ല. എന്നാൽ ടി ആധാരത്തിൽ കാണിച്ചിട്ടുള്ള വില കുറവാണെന്ന് ബോധ്യപ്പെടുന്ന |

| | | | |
|---|---|---|---|
| | | | പക്ഷം ടി ആധാരങ്ങളിൽമേൽ അണ്ടർ വാല്യുവേഷൻ നടപടിക്കായി സബ് രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്യാറുണ്ട്. ടി ഇനത്തിൽ 01.01.1986 മുതൽ 2023 ജനുവരി 31 വരെയുള്ള കണക്കനുസരിച്ച് 713.098/- കോടി പിരിഞ്ഞ് കിട്ടാനുണ്ട്.<br><br><u>ലാൻഡ് റവന്യു</u><br><br>സി&എ.ജി റിപ്പോർട്ട് 2019-2021 (റവന്യു സെക്ടർ) പ്രകാരം റവന്യു വകുപ്പിൽ വിവിധ നികുതിയിനത്തിൽ 397.59 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്.<br><br><u>ട്രാൻസ്പോർട്ട് വകുപ്പ്</u><br><br>മോട്ടോർ വാഹന വകുപ്പിന് കുടിശ്ശികയായിട്ടുള്ളത് ഏകദേശം 1000 കോടി രൂപയാണ്. ഇതിൽ KSRTC യുടെ കുടിശ്ശികയായ 1844.72 കോടി രൂപ ഉൾപ്പെടുത്തിയിട്ടില്ല. മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ കാലം മുതൽ നാളിതുവരെയുള്ള കുടിശ്ശികയാണ് ഇത്. നികുതി കുടിശ്ശിക അടയ്ക്കാനുള്ള ഭൂരിഭാഗം വാഹനങ്ങളും ഇപ്പോൾ നിരത്തിൽ ഓടുന്നില്ല. മാത്രമല്ല ടി വാഹന ഉടമകളെക്കുറിച്ചോ വാഹനങ്ങളെ സംബന്ധിച്ചോ യാതൊരു അറിവും വകുപ്പിന് ലഭ്യമല്ല. കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ പല പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടും വാഹന ഉടമകൾ വളരെ ചുരുങ്ങിയ ഈ നികുതിപോലും അടയ്ക്കുന്നതിന് വകുപ്പിനെ സമീപിച്ചിട്ടില്ല. വാഹന ഉടമകൾക്ക് അയയ്ക്കുന്ന ഭൂരിഭാഗം നോട്ടീസുകളും കൈപ്പറ്റാൻ ആളില്ല അല്ലെങ്കിൽ മേൽവിലാസക്കാരനെ കണ്ടെത്തുവാൻ സാധിച്ചില്ല എന്നീ കാരണത്താൽ മടങ്ങിവന്നിരിക്കുകയാണ്. ബുക്ക് അരിയേഴ്സ് ആയി കിടക്കുന്ന ഈ തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് വകുപ്പിന് സാധിക്കുകയില്ല. എന്നിരുന്നാലും കുടിശ്ശിക ഉള്ള വാഹന ഉടമകൾക്കെതിരെ റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u><br><br>സംസ്ഥാന എസ്.ജി.എസ്.ടി വകുപ്പിൽ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിനു കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി |

പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു പുന:സംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

ആധാരങ്ങളുടെ അണ്ടർവാല്യുവേഷനുമായി ബന്ധപ്പെട്ട തുകകൾ പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അണ്ടർ വാല്യുവേഷൻ തുകകൾ പിരിച്ചെടുക്കുന്നതിനായി സമഗ്ര കോമ്പൗണ്ടിംഗ് പദ്ധതി പ്രഖ്യാപിച്ചിരുന്നെങ്കിലും 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ മൂലവും 2020, 2021 വർഷങ്ങളിൽ കോവിഡ് മഹാമാരിമൂലവും അദാലത്തുകളും, പ്രചരണങ്ങളും മറ്റും ഉദ്ദേശിച്ച രീതിയിൽ സംഘടിപ്പിക്കുവാൻ സാധിച്ചിരുന്നില്ല.

<u>ട്രാൻസ്പോർട്ട് വകുപ്പ്</u>

മോട്ടോർ വാഹന വകുപ്പിൽ നികുതി പിരിച്ചെടുക്കുന്നതിൽ വകുപ്പ് ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. നികുതി കുടിശ്ശിക അടയ്ക്കാനുള്ള ഭൂരിഭാഗം വാഹനങ്ങളും ഇപ്പോൾ നിരത്തിൽ ഓടുന്നില്ല. മാത്രമല്ല ടി വാഹന ഉടമകളെ കുറിച്ചോ വാഹനങ്ങളെ സംബന്ധിച്ചോ യാതൊരു അറിവും വകുപ്പിന് ലഭ്യമല്ല. കുടിശ്ശിക നികുതി അടയ്ക്കുന്നതിന് സർക്കാർ പലപ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടും വാഹന ഉടമകൾ വളരെ ചുരുങ്ങിയ ഈ നികുതി പോലും അടയ്ക്കുന്നതിന് വകുപ്പിനെ സമീപിച്ചിട്ടില്ല. വാഹന ഉടമകൾക്ക് അയയ്ക്കുന്ന ഭൂരിഭാഗം നോട്ടീസുകളും കൈപ്പറ്റാൻ ആളില്ല അല്ലെങ്കിൽ മേൽവിലാസക്കാരനെ കണ്ടെത്താൻ സാധിച്ചില്ല എന്നീ കാരണത്താൽ മടങ്ങി വന്നിരിക്കുകയാണ്. ബുക്ക് അരിയേഴ്സ് ആയ് കിടക്കുന്ന ഈ തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് വകുപ്പിന് സാധിക്കുകയില്ല. എന്നിരുന്നാലും കുടിശ്ശികയുള്ള വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (സി) | സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രസ്തുത കുടിശിക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br><u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u><br><br>സംസ്ഥാന എസ്.ജി.എസ്.ടി വകുപ്പിന്റെ തനത് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ജി.എസ്.ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പ് തലത്തിലും തഹസീൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു പുന:സംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.<br><br><u>എക്സൈസ് വകുപ്പ്</u><br><br>എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി പുതിയൊരു ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) 22.02.2023 തീയതിയിലെ സ.ഉ(കൈ)നം.12/2023/നികുതി ഉത്തരവ് പ്രകാരം നടപ്പാക്കിയിട്ടുള്ളതും ആയതിന്റെ നടപടികൾ തുടർന്നുവരുന്നതുമാണ്.<br><br><u>രജിസ്ട്രേഷൻ വകുപ്പ്</u><br><br>രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശികയുള്ള അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനും സർക്കാരിന് അധിക വിഭവ സമാഹരണം നടത്തുന്നതിനും ആവിഷ്കരിച്ച കോമ്പൗണ്ടിംഗ് പദ്ധതി 2023 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരുന്നു. എന്നാൽ നിലവിലുള്ള കോമ്പൗണ്ടിംഗ് പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാത്തതിനാൽ 2023-24 സാമ്പത്തിക വർഷം മുതൽ നിർത്തലാക്കുകയും കുടിശ്ശികയുള്ള കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി RR നടപടികൾ തുടങ്ങിയ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുമാണ്. എന്ന് 2023-24 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ 553-ാം ഖണ്ഡികയായി പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | <u>ലാൻഡ് റവന്യൂ</u><br><br>മേൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പല തലങ്ങളിലായുള്ള അവലോകന യോഗങ്ങൾ നടത്തിയിട്ടുള്ളതും തദ്വാരാ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുള്ളതുമാണ്.<br><br>കൂടാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒരു തീവ്രയജ്ഞ പരിപാടി നടത്തുന്നതിനും ഇതിനായി പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.<br><br><u>ട്രാൻസ്പോർട്ട് വകുപ്പ്</u><br><br>നികുതി കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ തന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും, ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞു കിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നികുതി കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ